പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 137

23.01.2018 ൽ
മറുപടി നൽകേണ്ടിയിരുന്നത്

## പാണ്ടിക്കാട് ആർ.ആർ.എഫ് ക്യാമ്പ്

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) മലപ്പുറം ജില്ലയിൽ പാണ്ടിക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആർ.ആർ.എഫ്. ക്യാമ്പ് മാറ്റി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആർ.ആർ.എഫ് ക്യാമ്പ് മാറ്റി സ്ഥാപിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത ക്യാമ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന കാരണം എന്താണെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച നിർദ്ദേശം ഏത് തലത്തിലാണ് കൈക്കൊണ്ടതെന്നറിയിക്കാമോ;<br><br>സി) പ്രസ്തുത സ്ഥലത്ത് കേരളാ പോലീസ് അക്കാഡമിയുടെ ട്രെയിനിംഗ് സെന്റർ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | ബി) യും സി) യും മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് പോലീസ് ക്യാമ്പിൽ കേരള പോലീസ് അക്കാഡമിയുടെ കീഴിൽ ഒരു Anti Insurgency & Counter Terrorism പോലീസ് ട്രെയിനിംഗ് സ്കൂൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഇപ്പോൾ പാണ്ടിക്കാട് പോലീസ് ക്യാമ്പിൽ പ്രവർത്തിക്കുന്ന മറ്റ് യൂണിറ്റുകൾ മലപ്പുറം ജില്ലയിലെ ക്ലാരി ക്യാമ്പിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി തലത്തിൽ നൽകിയിട്ടുണ്ട്. |
| ഡി) മലപ്പുറം ജില്ലയിലും സമീപ പ്രദേശ ങ്ങളിലുമുള്ള മാവോയിസ്റ്റ് സാന്നിധ്യം പരിഗണിച്ച് പ്രസ്തുത ആർ.ആർ.എഫ്. ക്യാമ്പ് പാണ്ടിക്കാട് തന്നെ നിലനിർത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | ഡി) കേരള പോലീസ് അക്കാഡമിയുടെ Anti Insurgency & Counter Terrorism ട്രെയിനിംഗ് സ്കൂളിന് പാണ്ടിക്കാട്ടുള്ള ആർ.ആർ.എഫിന്റെ നിലവിലെ ക്യാമ്പ് ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ള തിനാൽ ടി സ്ഥലത്ത് പ്രസ്തുത ക്യാമ്പ് നിലനിർത്തുവാൻ നിർവ്വാഹമില്ല. എന്നിരുന്നാലും മലപ്പുറം ജില്ലയിലും സമീപ പ്രദേശ ങ്ങളിലുമുള്ള മാവോയിസ്റ്റ് സാന്നിദ്ധ്യം പരിഗണിച്ച് പ്രസ്തുത ക്യാമ്പ് മലപ്പുറം ജില്ലയിൽ തന്നെയുള്ള മലബാർ സ്പെഷ്യൽ പോലീസിന്റെ ക്ലാരി ക്യാമ്പിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ